ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെതന്നെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞു : 40000 ഏക്കർ സ്ഥലം കൊടുക്കാൻ തീരുമാനിച്ചതിൽ മുഴുവനിരത്തിഎഴുന്നൂറിൽ ചിലപ്രാനം ഏക്കറേ അലാട്ടുചെയ്തു കൊടുത്തിട്ടുള്ളൂ. 40000 ഏക്കർ സ്ഥലവും അലാട്ടുചെയ്തു കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ബാക്കിയുള്ള സ്ഥലവും അലാട്ടു ചെയ്യും അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞു : അതിനു ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥൻ അവിടെ ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്. ഇപ്പോൾ സർവ്വേ സ്പെഷ്യലാഫീസറെ ചാർജ്ജേൽപ്പിച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞു : പ്രത്യേക ചുമതലകൾകൊടുത്തു് നിയമിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനെ മാറ്റിയിട്ട് മറ്റു ജോലിയുള്ള ഒരു ഉദ്യോഗസ്ഥനെ ചാർജ്ജേൽപ്പിക്കുന്നതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രത്യേകകാരണം ഒന്നുമില്ല.

ശ്രീ. പി. കെ. കുഞ്ഞു : കഴിഞ്ഞ അഞ്ചു് മാസമായിട്ടും അവിടെ ഉണ്ടായ ഒഴിവിൽ ഉദ്യോഗസ്ഥനെ നിയമിക്കാതിരുന്നതു ഗവണ്മെൻറിന്റെ അനാസ്ഥയാണെന്നു് പറയുന്നതിൽ തെറ്റുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയില്ല; ഒരുക്കവുമില്ല.

തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണം.

* 480. [12] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടങ്ങളിലെ തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു വല്ല ഏർപ്പാടും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) എസ്റ്റേറ്റുകളിൽ സ്ത്രീതൊഴിലാളികൾ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിനു് ശിശുസംരക്ഷണാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ചില എസ്റ്റേറ്റുകളിൽ ഒന്നിൽ കൂടുതൽ ആലയങ്ങൾ ഉണ്ട്. സുഖമില്ലാത്തതും ആരോഗ്യസംരക്ഷണം അവശ്യംവേണ്ടതുമായ കുട്ടികൾക്കു് ഡാക്ടറന്മാർ പ്രത്യേകം പരിശോധിച്ചു് മരുന്നുകൾ നൽകുകയും എല്ലാ കുഞ്ഞുങ്ങൾക്കും പാൽ സൌജന്യമായി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. 50 കുട്ടികൾക്കു് ഓരോ സ്ത്രീ വീതം കുട്ടികളെ ശുശ്രൂഷിക്കുന്നതിനു് ഓരോ സംരക്ഷണാലയത്തിലും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : ഇങ്ങനെ ചെയ്യാത്ത എസ്റ്റേറ്റുകൾ എത്ര ഉണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്ലാന്റേഷൻ ലേബർ ആക്ടിൽ ഈ വ്യവസ്ഥയുണ്ട്. അതു നടപ്പിലാകുമ്പോൾ എല്ലാ എസ്റ്റേറ്റുകളിലും ഇതു നടപ്പിൽ വരും.

ശ്രീ. എം. എം. മത്തായി : ഗവണ്മെന്റ് നിശ്ചയിക്കുന്ന ഡാക്ടറന്മാരാണോ തോട്ടങ്ങളിലെ ഡാക്ടറന്മാരാണോ പരിശോധിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തോട്ടങ്ങളിലെ ഡാക്ടറന്മാരാണ്.

ശ്രീ. എം. എം. മത്തായി : പല തോട്ടങ്ങളിലും ഡാക്ടറന്മാർ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയുള്ള ന്യൂനതകൾ പരിഹരിക്കാനുള്ളതാണ് പ്ലാന്റേഷൻ ലേബർ ആക്ട്.

ശ്രീ. കെ. കരുണാകരൻ : പ്ലാന്റേഷൻ ലേബർ ആക്ട് എത്ര കാലത്തിനകം നടപ്പിലാകുമെന്ന് വിചാരിക്കുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ റൂൾസ് ഫൈനലൈസ് ചെയ്യാൻ പത്തു പതിനഞ്ചു ദിവസത്തിനു മുമ്പ് ഒരു കാൺഫറൻസ് കൂടി. ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. അതുകൂടി തീർന്നാൽ നടപ്പിലാകും.

ശ്രീ. പി. ആർ. മാധവൻപിള്ള : ആ കമ്മിറ്റിയിൽ തൊഴിലാളികൾക്ക് പ്രാതിനിധ്യം ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു കമ്മിറ്റിയല്ല. ഒരു ആലോചനയ്ക്കു വിളിച്ചതാണ്.

മരച്ചീനി വ്യവസായം.

* 481. [13] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മരച്ചീനി വിലയിടിവുമൂലം ഉണ്ടായിട്ടുള്ള ദുരിതാശ്വാസങ്ങൾക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) മരച്ചീനിയുടെ വ്യവസായസാദ്ധ്യതകളെപ്പറ്റി ഗവേഷണം നടത്തുവാൻ ഏതെങ്കിലും സ്ഥാപനം ഉണ്ടോ ;

(സി) മരച്ചീനി ഉൽപ്പന്നങ്ങൾ സ്വതന്ത്രമായി തിരുവിതാംകൂർ–കൊച്ചിക്ക് വെളിയിൽ വിൽക്കുന്നതിനു് ഇപ്പോൾ വല്ല നിയന്ത്രണവും ഉണ്ടോ ;

(ഡി) മരച്ചീനി സഹകരണസംഘങ്ങൾ എത്രയെണ്ണം ജൂൺ 15–നു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) കണ്ടാമരച്ചീനി സ്റ്റാർച്ചുഫാക്ടറി 1953–54–ൽ എത്ര ടൺ മരച്ചീനിമാവ് ഉൽപ്പാദിപ്പിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly